# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2042 — 11.06.2018-ൽ മറുപടിക്ക്

**<u>ടി. പി. ചന്ദ്രശേഖരൻ വധക്കേസ്</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ടി. പി. ചന്ദ്രശേഖരൻ വധക്കേസിൽ എത്ര പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്; അവർ ആരെല്ലാമാണെന്നും ഏത് രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവരാണെന്നും വിശദമാക്കുമോ; | (എ) സി.പി.ഐ(എം) അനുഭാവികളായ പന്ത്രണ്ട് പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്. പ്രതികളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. അനൂപ്<br>2. മനോജ് കുമാർ @ കിർമാണി മനോജ്<br>3. എൻ.കെ. സുനിൽ കുമാർ @ കൊടി സുനി<br>4. രജീഷ് തുണ്ടിക്കണ്ടി @ ടി.കെ<br>5. കെ.കെ. മുഹമ്മദ് ഷാഫി @ ഷാഫി<br>6. സിജിത്ത് എസ് @ അണ്ണൻ<br>7. കെ. ഷിനോജ്<br>8. കെ.സി. രാമചന്ദ്രൻ<br>9. മനോജൻ @ ട്രൗസർ മനോജൻ<br>10. പടിഞ്ഞാറേ കുഞ്ഞിക്കാട്ടിൽ കുഞ്ഞനന്തൻ<br>11. പി.വി. റഫീക്ക് @ വാഴപടച്ചി റഫീക്ക്<br>12. പ്രദീപൻ എം.കെ @ ലംബു |

| | |
|---|---|
| (ബി) പ്രസ്തുത കേസിൽ ശിക്ഷിക്കപ്പെട്ട ഏതെല്ലാം പ്രതികൾക്ക് എത്ര തവണ വീതം പരോൾ അനുവദിച്ചിട്ടുണ്ട്; ജയിൽ ചട്ടങ്ങൾ അനുസരിച്ചാണോ ഇവർക്ക് പരോൾ അനുവദിച്ചിട്ടുള്ളത്; | (ബി) പ്രദീപൻ എം. കെ. ഒഴികെയുള്ള പ്രതികൾക്ക് നിയമാനുസൃതമായി അർഹതപ്പെട്ട ഒരുതവണ മുതൽ എട്ട് തവണ വരെ അടിയന്തിര അവധിയും ഒരുതവണ മുതൽ പതിമൂന്ന് തവണ വരെ സാധാരണ അവധിയും വിവിധ ഘട്ടങ്ങളിൽ നൽകിയിട്ടുണ്ട്. |
| (സി) ഇപ്രകാരം ഇവർക്ക് പരോൾ അനുവദിക്കാനുണ്ടായ കാരണം എന്താണെന്ന് വിശദമാക്കാമോ? | (സി) 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ പ്രകാരം സാധാരണ പരോളിനായി സമർപ്പിച്ച അപേക്ഷയിന്മേൽ ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികളും, ജില്ലാ പ്രൊബേഷൻ ഓഫീസർമാരും അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് സാധാരണ അവധി അനുവദിക്കുന്നത്. ചട്ടം 400(1) – ൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള അടിയന്തിര സാഹചര്യങ്ങളിൽ ടി തടവുകാരുടെ അപേക്ഷ പ്രകാരം അനുകൂലമായ പോലീസ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അടിയന്തിര അവധിയും അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**